ദേശാഭിമാനി
2023 മെയ് 6 ശനി | 1198 മേടം 22 | 1444 ശവ്വാൽ 15

തമിഴ്നാട് ഗവർണർ ആർ എൻ രവി പ്രതിപക്ഷ നേതാവിനെപ്പോലെയാണ് പെരുമാറുന്നത്. 17 ബില്ലുകളാണ് അനുമതി നൽകാതെ പിടിച്ചുവച്ചിട്ടുള്ളത്

തങ്കം തെന്നരശു
തമിഴ്നാട് മന്ത്രി

ചരിത്രത്തിൽ ഇന്ന്
06

1765	വേലുത്തമ്പി ദളവ ജനിച്ചു
1856	മനഃശാസ്ത്രജ്ഞൻ ഫ്രോയിഡ് ജനിച്ചു
1889	പാരീസിൽ ഈഫൽ ടവർ തുറന്നു
1921	അമേരിക്കൻ സോക്കർ ലീഗ് തുടങ്ങി
1994	ഇംഗ്ലണ്ട്- ഫ്രാൻസ് സമുദ്ര ടണൽ റെയിൽപ്പാത തുറന്നു
1999	കേരള മനുഷ്യാവകാശ കമീഷൻ പ്രവർത്തനം തുടങ്ങി

പുരകത്തുമ്പോൾ വാഴവെട്ടുന്നവർ

ബിജെപി ഭരണമുള്ള വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പുരിൽ പ്രബലമായ മെയ്ത്തീ സമുദായക്കാരും ഗോത്രവിഭാഗമായ കുക്കികളും മൂന്നുദിവസമായി ആവർത്തിക്കുന്ന ഏറ്റുമുട്ടൽ തടയാനാകാതെ പകച്ചിരിക്കയാണ് ബീരൻ സിങ് സർക്കാർ. തലസ്ഥാനമായ ഇംഫാൽ, ചുരാചന്ദ്പുർ, ഇംഫാൽ വെസ്റ്റ്, കാക്ചിങ്, തൗബൽ, ജിരിബാം, ബിഷ്ണുപുർ, കാങ്പോക്പി കാക്കിങ് മേഖലകളിൽ സംഘർഷം രൂക്ഷമായ സാഹചര്യത്തിൽ ഈ ജില്ലകളിൽ കർഫ്യൂ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് അടുത്ത അഞ്ചുദിവസം മൊബൈൽ ഇന്റർനെറ്റ് സേവനങ്ങളും നിരോധിച്ചിട്ടുണ്ട്. കലാപകാരികളുടെ ആക്രമണത്തിൽ ബിജെപി എംഎൽഎ വുങ്സാഗിൻ വൽത്തയ്ക്കും പരിക്കേൽക്കുകയുണ്ടായി. പൊലീസ് പരിശീലനകേന്ദ്രത്തിലേക്ക് ഇരച്ചുകയറിയ അക്രമികൾ ആയുധങ്ങൾ കൊള്ളയടിച്ചത് ആശങ്കയ്ക്ക് വഴിവച്ചിട്ടുണ്ട്. ഏറ്റുമുട്ടലുകളിലും പൊലീസ് നടപടികളിലും നിരവധിപേർ മരിച്ചതായി വാർത്തയുണ്ട്. ആൾനാശം സ്ഥിരീകരിച്ചെങ്കിലും മുഖ്യമന്ത്രി മരണസംഖ്യ വെളിപ്പെടുത്തിയിട്ടില്ല. അക്രമികളെ കണ്ടാലുടൻ വെടിവയ്ക്കാൻ ഗവർണർ അനുസിയ ഉയ്കെ കലക്ടർമാർ അടക്കമുള്ളവർക്ക് നിർദേശം നൽകിയിരിക്കയാണ്.1973ലെ ക്രിമിനൽ കോഡ് പ്രകാരമാണ് ഉത്തരവ്. സംഘർഷമേഖലകളിൽ കരസേന ഫ്ലാഗ് മാർച്ച് നടത്തി. ദ്രുതകർമസേനയെ വ്യോമമാർഗം എത്തിച്ചു. നിരവധി വീടുകളും സ്വത്തുക്കളും വാഹനങ്ങളും ആരാധനാലയങ്ങളും അക്രമികൾ തകർത്തു. ജനസംഖ്യയിൽ ഭൂരിപക്ഷമായ മെയ്ത്തീകളെ പട്ടികവർഗ വിഭാഗത്തിൽപ്പെടുത്താനുള്ള നീക്കത്തിനെതിരെ ഗോത്രവിഭാഗമായ കുക്കികൾ നീങ്ങിയതാണ് കലാപത്തിന്റെ കാരണം. ഈ സംഘർഷത്തെ വർഗീയമാക്കാൻ കാവിപ്പട ആകുന്നനിലയിലെല്ലാം ശ്രമിക്കുകയാണ്. കലാപം ആളിക്കത്തിയതോടെ സംസ്ഥാനത്തേക്കുള്ള എല്ലാ ട്രെയിനും റെയിൽവേ റദ്ദാക്കി. സ്ഥിതി മെച്ചപ്പെടുംവരെ ഒരു ട്രെയിനും കടത്തിവിടില്ലെന്നാണ് തീരുമാനം. സംഘർഷ പശ്ചാത്തലത്തിൽ കൂടുതൽ കേന്ദ്രസേനയെ വിന്യസിക്കാനും തീരുമാനമായിട്ടുണ്ട്. നാഗാലാൻഡിൽനിന്ന് അടക്കമുള്ള സൈനികരെയാണ് അങ്ങോട്ടേക്ക് അയക്കുക. കലാപം അരക്ഷിതാവസ്ഥ തീർത്ത പ്രദേശങ്ങളിൽനിന്ന് ഒമ്പതിനായിരത്തിലധികം ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിയതും പ്രശ്നത്തിന്റെ തീവ്രതയുടെ തെളിവാണ്. സൈനിക ക്യാമ്പിലേക്കും സർക്കാർ ഓഫീസിലേക്കുമാണ് അവരെ മാറ്റിയത്.

2023 ഏപ്രിൽ അവസാനമാണ് ജനസംഖ്യയുടെ 53 ശതമാനം വരുന്ന മെയ്ത്തീ സമുദായത്തെ ഗോത്രവർഗത്തിൽ ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചത്. ആ വിധിക്കെതിരെ ഗോത്രവിഭാഗമായ ഓൾ ട്രൈബൽ സ്റ്റുഡന്റ് യൂണിയൻ മണിപ്പുർ (എടിഎസ്‌യുഎം) ചുരാചന്ദ്പുരിലെ തോർബങ്ങിൽ നടത്തിയ റാലിക്ക് പിന്നാലെയാണ് സംഘർഷം പൊട്ടിപ്പുറപ്പെട്ടത്

മുഖപ്രസംഗം കേൾക്കാൻ
ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

2023 ഏപ്രിൽ അവസാനമാണ് ജനസംഖ്യയുടെ 53 ശതമാനം വരുന്ന മെയ്ത്തീ സമുദായത്തെ ഗോത്രവർഗത്തിൽ ഉൾപ്പെടുത്തണമെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചത്. ആ വിധിക്കെതിരെ ഗോത്രവിഭാഗമായ ഓൾ ട്രൈബൽ സ്റ്റുഡന്റ് യൂണിയൻ മണിപ്പുർ (എടിഎസ്‌യുഎം) ചുരാചന്ദ്പുരിലെ തോർബങ്ങിൽ നടത്തിയ റാലിക്ക് പിന്നാലെയാണ് സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. ആയിരക്കണക്കിന് പ്രക്ഷോഭകർ പങ്കെടുത്ത റാലി ബിഷ്ണുപുരിൽ എത്തിയപ്പോൾ ചില വിഭാഗങ്ങളുമായി ഏറ്റുമുട്ടലുണ്ടായി. അത് പരസ്പര ആക്രമണത്തിലേക്ക് നയിച്ചു. തുടർന്നാണ് ആദിവാസിവിഭാഗങ്ങൾ 10 മലയോര ജില്ലകളിൽ പ്രതിഷേധം പ്രഖ്യാപിച്ചത്. തുടർന്ന് സംസ്ഥാനത്തുടനീളം കലാപം വ്യാപിപ്പിച്ചു. വ്യാജ വീഡിയോകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് സൈന്യം ജനങ്ങളോട് ആവശ്യപ്പെട്ടു. അസം റൈഫിൾസിന്റെ പോസ്റ്റിനുനേരെയുള്ള ആക്രമണത്തിന്റെ വീഡിയോ ഉൾപ്പെടെ സുരക്ഷയെക്കുറിച്ചുള്ള വ്യാജ വീഡിയോകൾ വിദ്വേഷകർ പ്രചരിപ്പിക്കുന്നുണ്ടെന്നും സൈന്യം ട്വീറ്റ് ചെയ്തു. ആക്രമണങ്ങൾ തടയാൻ സൈന്യത്തെയും അർധസൈനിക വിഭാഗത്തെയുംകൂടി വിന്യസിച്ചിട്ടുണ്ട്. വിരമിച്ച ഐപിഎസ് ഉദ്യോഗസ്ഥനും മുൻ സിആർപിഎഫ് തലവനുമായ കുൽദീപ് സിങ്ങിനെയാണ് സുരക്ഷാ ഉപദേഷ്ടാവായി നിയമിച്ചത്. മണിപ്പുരിന്റെ മനഃശാസ്ത്രവും വൈകാരികതയും തന്ത്രപ്രാധാന്യവും വകവയ്ക്കാതെ ഉപദേശങ്ങളെയും പ്രഖ്യാപനങ്ങളെയും ബലപ്രയോഗത്തെയും ആശ്രയിക്കുകയാണ് കേന്ദ്ര സർക്കാരും ബിജെപി നേതാക്കളും. കൂടിയാലോചനയിലൂടെ രാഷ്ട്രീയ പരിഹാരം തേടുന്നതിനു പകരം തെരഞ്ഞെടുപ്പുപര്യടനങ്ങളുടെ തിരക്കിലാണ് നരേന്ദ്ര മോദിയും അമിത് ഷായും മറ്റും. അധികാരംമാത്രം ലക്ഷ്യമാക്കിയുള്ളവർ 'പുരകത്തുമ്പോൾ വാഴ വെട്ടുകയാണ്' എന്നുപറയാം. സമാധാനവും ഐക്യവും നിലനിർത്താൻ സർവകക്ഷി യോഗം വിളിക്കണമെന്ന് സിപിഐ എം മണിപ്പുർ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടത് അതിനാലാണ്.

പ്രതികരണം

editdbi@gmail.com

കേരളത്തെ അപമാനിക്കാൻ ശ്രമം

സുദീപ് തോ സെൻ സംവിധാനചെയ്ത 'ദ കേരള സ്റ്റോറി' എന്ന സിനിമ പരക്കെ ചർച്ച ആയിരിക്കുകയാണല്ലോ. കേരളത്തിൽനിന്ന് മുസ്ലിം യുവാക്കൾ പ്രേമിച്ച് വിവാഹം കഴിക്കുന്ന പെൺകുട്ടികളെ ഭീകരസംഘടനകളിൽ ചേർത്ത് ജിഹാദികൾ ആക്കുകയാണെന്ന ആശയമാണ് സിനിമ പറയുന്നത്. 32,000 യുവതികളെന്ന് പറഞ്ഞത് ഇപ്പോൾ മൂന്നായി ചുരുങ്ങിയിട്ടുണ്ട്. ഒരു പ്രത്യേക മതവിഭാഗത്തോട് വിദ്വേഷമുണ്ടാക്കുന്ന രീതിയിലാണ് സിനിമയുടെ ചിത്രീകരണം. സമൂഹത്തിൽ ചേരിതിരിവുണ്ടാക്കി മുതലെടുക്കാനുള്ള ശ്രമമല്ല ആവിഷ്കാര സ്വാതന്ത്ര്യം.

ഡി സുചിത്രൻ ചിറയിൻകീഴ്

അതിരുവിടുന്ന സിനിമകൾ

ചില അനാരോഗ്യപ്രവണതകൾ സമൂഹത്തിൽ വർധിച്ചുവരുന്നുണ്ട്. ഇതൊക്കെ പുതിയ തലമുറയിലേക്ക് വേഗത്തിൽ എത്തുന്നവഴി ചില സിനിമകളാണ്. ദ കേരള സ്റ്റോറി പോലുള്ള സിനിമകൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. സമൂഹത്തിന്റെ ക്രിയാത്മക ശേഷികളെ വലിയ രൂപത്തിൽ ഇവ ദുർബലപ്പെടുത്തുന്നുണ്ട്. കുട്ടികളിൽ വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കും ഇത് കാരണമാകുന്നു.

അബ്ദുള്ള ആരിഫ് എ പി
കളത്തൂർ

മതനിരപേക്ഷതയുടെ മൂല്യം

ഒരുകാലത്ത് വിവിധ മതത്തിൽപ്പെട്ട ജനങ്ങളുടെ സ്വർഗമായിരുന്നു ഇന്ത്യ. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ സന്ദർഭത്തിൽ മതനിരപേക്ഷമൂല്യം ദേശീയ നേതാക്കൾ ഉയർത്തിപ്പിടിച്ചു. വിലമതിക്കാനാകാത്ത ഈ മൂല്യം ഇന്ന് എവിടെയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എല്ലാം മതത്തിന്റെ പേരിൽ നോക്കിക്കാണുന്ന ഒരവസ്ഥ ഇന്ത്യയെ സംബന്ധിച്ച് ചിന്തിക്കാൻപോലും പറ്റില്ല.

സജിവോത്തമൻ അരൂർ ആലപ്പുഴ

ജയിച്ചവർ വാഴാത്ത കർണാടകം

വിനോദ് പായം

ചരിത്രം ആവർത്തിക്കാനുള്ള സാധ്യതയാണ് കർണാടക രാഷ്ട്രീയം നിരീക്ഷിക്കുന്നവർ പറയുന്നത്. കുറച്ചുകാലമായി അവിടെ ജയിക്കുന്നവർ വാഴാറില്ല; വാഴുന്നവർ പിന്നീട് ജയിക്കുന്നുമില്ല. പണവും ജാതിയും മതവും ജനാധിപത്യത്തിൽ വിധിയെഴുതുമെന്ന് പുറമേക്ക് പറയുമ്പോഴും സാധാരണ വോട്ടർമാർക്ക് ബിജെപി സർക്കാരിൽ കൃത്യമായ അതൃപ്തിയുണ്ട്. അതുപക്ഷെ പ്രതിപക്ഷ പാർടികൾ എങ്ങനെ വോട്ടാക്കുമെന്നതിലാണ് കർണാടകം മെയ് പതിമൂന്നിനായി കാത്തിരിക്കുന്നത്

കർണാടകത്തിലെ തെരഞ്ഞെടുപ്പുസാധ്യതകളെ കുറിച്ച് മാധ്യമങ്ങൾ ചോദിച്ചപ്പോൾ കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ കഴിഞ്ഞയാഴ്ച പറഞ്ഞൊരു മറുപടിയുണ്ട്: “കോൺഗ്രസിന് 150 സീറ്റ് വരെയുള്ള കൃത്യമായ മേൽക്കൈയാണ് വേണ്ടത്. അല്ലെങ്കിൽ പലരെയും ബിജെപിക്കാർ റാഞ്ചും”– കോൺഗ്രസിന്റെ നിലവിലുള്ള അവസ്ഥയെപ്പറ്റിയാണ് അവരുടെ പ്രസിഡന്റുതന്നെ ഇത്രമാത്രം സത്യസന്ധമായി പ്രതികരിച്ചത്. എല്ലാ പ്രീ പോൾ സർവേയിലും മുൻതൂക്കം കോൺഗ്രസിനാണ് പ്രവചിക്കുന്നത്. ശ്രദ്ധിക്കണം; മുൻതൂക്കം മാത്രമാണ് പറയുന്നത്. വ്യക്തമായ ഭൂരിപക്ഷം അപൂർവം സർവേകളിൽമാത്രമാണ്. അതുതന്നെയാണ് കോൺഗ്രസിന്റെ ചങ്കിടിപ്പ് കൂട്ടുന്നതും. ഈ കർണാടക തെരഞ്ഞെടുപ്പുഫലം ദേശീയ തലത്തിൽത്തന്നെ കോൺഗ്രസിന്റെ ഉയിർപ്പിനുള്ള അവസാന ഉരകല്ലായാണ് നിരീക്ഷകരും കോൺഗ്രസ് തന്നെയും കരുതുന്നത്. 113 എന്നതാണ് ഭൂരിപക്ഷത്തിനുള്ള മാന്ത്രിക സംഖ്യ. അതൊക്കെ സംഖ്യ മാത്രമാണ്. എങ്ങനെ വന്നാലും 120 സീറ്റാണ് കോൺഗ്രസ് പരമാവധി പ്രതീക്ഷിക്കുന്നത്. അത് 130ൽ എങ്കിലും എത്തിയില്ലെങ്കിൽ പണിപാളും. ഇത്തവണ, ബിജെപിയുടെ 'ഓപ്പറേഷൻ കമൽ' ഡി കെ ശിവകുമാറിനെ പോലുള്ളവർക്ക് തടയാനാകുമെന്നാണ് സാധാരണപ്രവർത്തകർ കരുതുന്നത്. അതുപക്ഷെ മുഖ്യമന്ത്രിസ്ഥാനം പ്രതീക്ഷിച്ച് നടത്തുന്ന ശിവകുമാറിന്റെ ഫണ്ടിറക്കൽ പരിപാടിയാകുമോ എന്നാണ് കണ്ടറിയേണ്ടത്. റിസോർട്ടുകൾ തയ്യാറാക്കിവയ്ക്കാൻ പിസിസി പ്രസിഡന്റുകൂടിയായ ശിവകുമാറിന് ബിജെപിയുടെ അത്രതന്നെ പ്രാവീണ്യമുണ്ട്. പക്ഷേ, മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യയും കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയും കുപ്പായം തയ്പിച്ച കോൺഗ്രസ് അധികാരലോകത്ത്, ചെറുഭൂരിപക്ഷത്തിൽ എന്തും സംഭവിക്കാമെന്നും കാണണം; ചിലപ്പോൾ മറുകണ്ടം ചാടുന്നത് അതികായന്മാർ തന്നെയാകും.

എതിർപ്പുണ്ട്; അതാര് കൊയ്യും?

ബിജെപിയിലെ ഭരണവിരുദ്ധ വികാരം സംസ്ഥാനത്ത് വ്യാപകമാണ്. ഭരണനേട്ടം ഒരിടത്തും ബിജെപി പ്രചാരണ വിഷയമാക്കുന്നുമില്ല. ജനങ്ങൾ എതിർത്ത് വോട്ടുചെയ്യുമെന്ന് ഉറപ്പാണ്. പക്ഷേ, അത് പ്രധാന പ്രതിപക്ഷമായ കോൺഗ്രസിന് നേട്ടമാകുമോയെന്ന് അവർക്കുതന്നെ പറയാൻ കഴിയുന്നുമില്ല. ബിജെപിക്കെതിരെ മതനിരപേക്ഷ പൊതുബോധം സൃഷ്ടിക്കാൻ നിരവധി അവസരമാണ് ഈ തെരഞ്ഞെടുപ്പുപ്രചാരണത്തിൽ തന്നെയുള്ളത്. മുസ്ലിം സംവരണം എടുത്തുകളയും, ഹിജാബ് ധരിക്കൽ നിരോധിക്കും, ഈദ്ഗാഹ് മൈതാനികൾക്കുള്ള അനുമതി റദ്ദാക്കും തുടങ്ങിയ വൈകാരിക വിഷയങ്ങളാണ് തരാതരംപോലെ മോദിയും അമിത് ഷായും മറ്റു നേതാക്കളും പറന്നെത്തി സംസ്ഥാനമാകെ പ്രചരിപ്പിച്ചത്. അതിന്മേൽ തുറന്നെതിർപ്പ് എന്നത് കോൺഗ്രസിന്റെ പ്രധാന അജൻഡയാകുന്നില്ല. ഹിജാബ് നിരോധനംപോലുള്ള അതിവൈകാരിക വിഷയത്തിൽ ഉഡുപ്പിയിലും ദക്ഷിണ കർണാടകത്തിലെ തീരമേഖലയിലും കോൺഗ്രസ് പാലിക്കുന്ന അർഥഗർഭമായ മൗനവും മതനിരപേക്ഷ പാർടിയെന്ന അവരുടെ അവകാശവാദത്തിന് കളങ്കം ചാർത്തുന്നതാണ്.

അതേസമയം, മുസ്ലിങ്ങൾ അടക്കമുള്ള ന്യൂനപക്ഷങ്ങളെ ചേർത്തുപിടിച്ച് പ്രതിരോധത്തിന്റെ മുന്നേറ്റമുണ്ടാക്കാനുള്ള ശ്രമത്തിൽ ജെഡിഎസിന് ഒരുപരിധിവരെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ദളിന് ഏറെ സ്വാധീനമുള്ള പഴയ മൈസൂർ കർണാടകയിൽ പ്രചാരണത്തിലും ഈ മുസ്ലിം ചേർത്തുപിടിക്കൽ ദൃശ്യമാണ്. പ്രായത്തിന്റെ അവശത മറികടന്ന് ദേവഗൗഡ തന്നെ വീട്ടിലിരുന്ന് ഇതിനായി കരുക്കൾ നീക്കി. മകൻ കുമാരസ്വാമിയെയും ചെറുമകൻ നിഖിൽ ഗൗഡയെയും ന്യൂനപക്ഷങ്ങളെ ഒപ്പംനിർത്തിയുള്ള പ്രചാരണത്തിന് നിയോഗിച്ചു. ബിജെപിയാലും കോൺഗ്രസിനാലും അരക്ഷിതരാക്കപ്പെട്ട മുസ്ലിം നേതാക്കളെ ഓരോ പ്രചാരണത്തിലും ഒപ്പംകൂട്ടാൻ പ്രത്യേക തന്ത്രംതന്നെ രൂപീകരിച്ചു. കോൺഗ്രസിൽനിന്ന് മടങ്ങിയെത്തിയ സി എം ഇബ്രാഹിമിന് എംഎൽസി പദവിയും ജെഡിഎസ് പ്രസിഡന്റ് പദവിയും നൽകി വ്യക്തമായ സന്ദേശവും നൽകി. ഇടതുപക്ഷവുമായുള്ള സഖ്യത്തിനും ജെഡിഎസ് വാതിൽ തുറന്നിട്ടു. സിപിഐ എമ്മുമായി മൂന്നിടത്ത് സഖ്യവും രൂപീകരിച്ചു. ദേശീയ തലത്തിൽ ഇടതുപക്ഷവുമായുള്ള സഖ്യത്തിനാണ് മുൻതൂക്കമെന്ന് ദേവഗൗഡ പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. ഭരണത്തിലേറിയാൽ മുസ്ലിം ഒബിസി സംവരണം പുനഃസ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് അവർ. 1995ൽ ഈ സംവരണം കൊണ്ടുവന്നത് ദേവഗൗഡയാണെന്നും അവർ ഓർമിപ്പിക്കുന്നു. അതേസമയം, മുൻകാല ചെയ്തികളുടെ പാപഭാരവും കുടുംബവാഴ്ചയും തർക്കവും ജെഡിഎസിനെ തിരിഞ്ഞുകുത്തുന്നുമുണ്ട്. അതെല്ലാം പഴയ കഥകളാണെന്നും മതനിരപേക്ഷ സർക്കാരിനായാണ് തങ്ങൾ നിലകൊള്ളുന്നത് എന്നും കുമാരസ്വാമി ഓരോ ഘട്ടത്തിലും പ്രഖ്യാപിക്കുന്നത് അതുകൊണ്ടുതന്നെയാണ്.

ഭരണത്തിലേറാനുള്ള 113 എന്ന മാജിക് സംഖ്യയൊന്നും ജനതാദളും പ്രതീക്ഷിക്കുന്നില്ല. എന്നാൽ, 30 മുതൽ മുകളിലോട്ട് വന്നാൽ കളിമാറും. ചരിത്രം ജനതാദളിന് അനുകൂലമായി ഒരിക്കൽക്കൂടി കർണാടകത്തിൽ ആവർത്തിച്ചേക്കും. ബിജെപിയുമായി ദൾ പ്രകടമായിത്തന്നെ എതിർത്തുനിൽക്കുന്നതിനാൽ, കോൺഗ്രസ് ജെഡിഎസ് സഖ്യസർക്കാർ എന്ന പ്രവചനവും രാഷ്ട്രീയ നിരീക്ഷകർ നടത്തുന്നു.

ഓളങ്ങൾ അടിത്തട്ടിൽമാത്രം

കേരളത്തിലേതുപോലെ തെരഞ്ഞെടുപ്പ് ബഹളം കർണാടകത്തിൽ ഒരിടത്തും കാണാനാകില്ല. വഴിയരികിൽ സ്ഥാനാർഥിയുടെ പോസ്റ്ററോ കൊടിയോ ചിഹ്നമോ സ്ഥാപിച്ചിട്ടില്ല. ചുവരെഴുത്തില്ല. എല്ലാ ഓളവും അടിത്തട്ടിൽ മറഞ്ഞുനിൽക്കുന്നു. അതിൽ പണത്തിന്റെ തിരയടി തന്നെയാണ് പ്രധാനം. “വീടിനകത്ത് സ്ഥാനർഥി നേരിട്ട് കയറുന്നത് ഇവിടത്തെ ആചാരമാണ്. അപ്പോൾ വീട്ടുകാർ ആരതിയുഴിയും. ആരതിത്തട്ടിലേക്ക് ടോക്കൺ മണി (കുറഞ്ഞത് 500 രൂപ) തിരുകിക്കയറ്റലാണ് ആദ്യഘട്ടം. അത് സ്വീകരിച്ചാൽ വോട്ടർ ഒന്നിന് നിശ്ചിത തുക കൃത്യസമയത്ത് എത്തും. പണം കിട്ടിയാൽ; വോട്ടും റെഡി എന്നർഥം”– കർണാടകത്തിലെ തെരഞ്ഞെടുപ്പുപ്രചാരണത്തിന്റെ രീതിയെപ്പറ്റി ബംഗളൂരു കെആർ പുരയിലെ സിപിഐ എം പ്രവർത്തകൻ പറഞ്ഞത് ഇങ്ങനെ.

തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനിടയിൽ വിവിധ സ്ഥാനാർഥികളിൽനിന്ന് പണവും സമ്മാനവുമായി പിടിച്ചെടുത്തത് 324 കോടി രൂപ. വീട്ടിലെ അലങ്കാരച്ചെടിയുടെ ചുവട്ടിൽനിന്നും പുത്തൂർ കോൺഗ്രസ് സ്ഥാനാർഥിയുടെ സഹോദരന്റെ വീട്ടിൽനിന്നും കിട്ടിയത് ഒരുകോടി രൂപ. ജയിച്ചാൽ എംഎൽഎമാർ കോടികളിട്ട് വിലപേശുന്ന നാട്ടിൽ, ഓരോ വോട്ടിനും പണമൂല്യമാണ് ജനങ്ങൾ കണക്കാക്കുന്നത്.

ഞങ്ങൾ ഇല്ലാത്തിടത്ത് ബിജെപിയെ തോൽപ്പിക്കും

കർണാടകയിൽ ഇത്തവണ നാല് സീറ്റിൽ മാത്രമാണ് സിപിഐ എം മത്സരിക്കുന്നത്. ബിജെപിക്ക് എതിരായ മതനിരപേക്ഷ വോട്ടുകൾ ഭിന്നിക്കാതിരിക്കാനാണ് ഇത്. മൂന്നിടത്ത് ജനതാദൾ സിപിഐ എമ്മുമായി സഹകരിക്കുന്നുണ്ട്. ബാക്കി സ്ഥലങ്ങളിൽ ജനതാദളിനും ബിജെപിയെ തോൽപ്പിക്കാൻ കഴിയുന്ന മതനിരപേക്ഷ പാർടികൾക്കും വോട്ട് വിനിയോഗിക്കുമെന്ന് സിപിഐ എം കർണാടക സംസ്ഥാന സെക്രട്ടറി യു ബസവരാജ് പറഞ്ഞു.

യു ബസവരാജ്

കർണാടകയിൽ ജെഡിഎസ് വിശ്വസിക്കാവുന്ന ഘടക കക്ഷിയാണോ?

ഇതാദ്യമായല്ല കർണാടകയിൽ പാർടി ജെഡിഎസുമായി സഖ്യമുണ്ടാക്കുന്നത്. പക്ഷേ, ഇത്തവണ സീറ്റുവിഭജന ചർച്ചയടക്കം നടന്നു. മൂന്നിടത്ത് അവർ മത്സരിക്കാതെ സിപിഐ എമ്മിനെ പിന്തുണയ്ക്കുന്നു. ജനതാദളിനെ മാത്രമല്ല, കോൺഗ്രസിനെയും പൂർണ അർഥത്തിൽ, ബിജെപിക്കെതിരായ പോരാട്ടത്തിൽ വിശ്വസിക്കാനാകില്ല. കഴിഞ്ഞതവണ 12 എംഎൽഎമാരാണല്ലോ ബിജെപി പാളയത്തിലേക്ക് പോയത്.

ബിജെപിയെ പരാജയപ്പെടുത്താൻ ജെഡിഎസിന് കഴിയുന്നിടത്ത് ഞങ്ങൾ പരസ്യമായി ജെഡിഎസിനെ പിന്തുണയ്ക്കുന്നു. മറ്റ് സ്ഥലങ്ങളിൽ ബിജെപിയെ പരാജയപ്പെടുത്താൻ കഴിയുന്ന മതനിരപേക്ഷ സ്ഥാനാർഥിക്ക് വോട്ട് ചെയ്യാൻ ഞങ്ങൾ ജനങ്ങളോട് ആവശ്യപ്പെടുന്നു.

ഇത്തവണ ബാഗേപ്പള്ളിയിൽ വലിയ പ്രതീക്ഷയാണ് പാർടിക്ക്?

ബാഗേപ്പള്ളിയിൽ സിപിഐ എമ്മും കോൺഗ്രസും തമ്മിലാണ് പ്രധാന പോരാട്ടം. മുമ്പ് മൂന്നുപ്രാവശ്യം ഞങ്ങൾ ഇവിടെ ജയിച്ചു. ഇത്തവണയും ജയിക്കാനുള്ള വലിയ സാധ്യത കാണുന്നു. ജനതാദളിന് 38,000 വോട്ട് ഇവിടെയുണ്ട്. അതിൽ 7000 വോട്ട് കിട്ടിയാൽത്തന്നെ ഞങ്ങൾ ജയിച്ചു. ജനതാദളിന്റെ പ്രാദേശിക പ്രവർത്തകരുടെ വലിയ സഹായവും പ്രചാരണത്തിലുണ്ട്.

ജനതാദളിന് ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യമുണ്ടായാൽ എന്തായിരിക്കും സിപിഐ എം നിലപാട്?

ബിജെപിയെ പരാജയപ്പെടുത്തി മതനിരപേക്ഷ സർക്കാർ രൂപീകരിക്കാൻ നിയമസഭയിൽ ഞങ്ങൾ വോട്ട് ചെയ്യും. പാർടിയുടെ പ്രഖ്യാപിത നിലപാടും അതാണ്. ഞങ്ങളുടെ മതനിരപേക്ഷ നിലപാടിൽ ആർക്കും സംശയം തോന്നേണ്ട കാര്യമില്ല.

ലോകം

കാലം തെറ്റിയ കിരീടധാരണം

വി ബി പരമേശ്വരൻ

ചാൾസ് മൂന്നാമൻ ബ്രിട്ടനിലെ (യുകെ) രാജാവായി ശനിയാഴ്ച ഇന്ത്യൻസമയം പകൽ മൂന്നരയോടെ കിരീടധാരണം നടത്തും. ആംഗ്ലിക്കൻ സഭയുടെ ആസ്ഥാനമായ വെസ്റ്റ് മിനിസ്റ്റർ ആബെയിൽവച്ചാണ് 'വിശുദ്ധരാജ്യ'ത്തിന്റെയും 'രാജകീയ പൗരോഹിത്യ'ത്തിന്റെയും മേധാവിയായി ചാൾസ് മൂന്നാമൻ ചുമതലയേൽക്കുന്നത്. ബ്രിട്ടനിലെ ജനങ്ങൾ അതിവേഗം ഉപേക്ഷിച്ചുകൊണ്ടിരിക്കുന്ന രാജഭരണത്തെയും പള്ളിയെയും വീണ്ടും ജനങ്ങളുടെ മനസ്സിൽ പ്രതിഷ്ഠിക്കാനുള്ള അവസരമായാണ് റോയലിസിസ്റ്റുകളും (രാജവാഴ്ചയെ പിന്തുണയ്ക്കുന്നവർ) അവരെ പിന്തുണയ്ക്കുന്ന മാധ്യമങ്ങളും ശ്രമിക്കുന്നത്.

മതരഹിത സമൂഹത്തിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ന് ബ്രിട്ടൻ. 2018ലെ ബ്രിട്ടീഷ് സോഷ്യൽ ആറ്റിറ്റ്യൂഡ് സർവേ അനുസരിച്ച് 52 ശതമാനം ജനങ്ങളും ഒരുമതത്തിലും വിശ്വസിക്കാത്തവരാണ്. 18നും 24നും ഇടയിൽ പ്രായമുള്ളവരിൽ ക്രിസ്ത്യൻ മതവിശ്വാസികളായിട്ടുള്ളത് ഒരു ശതമാനംമാത്രമാണ്. ക്രിസ്ത്യൻ മതത്തിൽ വിശ്വസിക്കുന്നവരുടെ ശതമാനം രണ്ടു ദശാബ്ദംമുമ്പ് 66 ശതമാനം ആയിരുന്നെങ്കിൽ ഇന്നത് 33 ശതമാനംമാത്രമാണ്. രാജവാഴ്ചയെ പിന്തുണയ്ക്കുന്നവരുടെ എണ്ണം ഈ രീതിയിൽ കുറഞ്ഞെന്ന് പറയാനാകില്ലെങ്കിലും വർഷംതോറും അവരുടെ സഖ്യയും പിറകോട്ടാണ്. കടുത്ത രാജപക്ഷപാതികളെന്ന് പറയാവുന്നവർ ഏഴു ശതമാനം മാത്രമാണ് എന്നാണ് അടുത്തിടെ പ്രസിദ്ധീകരിച്ച സർവേ പറയുന്നത്. എന്നാൽ, 60 ശതമാനത്തോളം ജനങ്ങളും നിയന്ത്രിത രാജവാഴ്ചയെന്ന സംവിധാനത്തെ അംഗീകരിക്കുന്നുവെന്ന് അടുത്തിടെ പ്രസിദ്ധീകരിച്ച മറ്റൊരു സർവേ ഫലം വ്യക്തമാക്കിയിട്ടുമുണ്ട് (ദ ഹിന്ദു, മെയ് 4).

ബ്രിട്ടനിലെ ആദ്യ സ്റ്റുവർട്ട് രാജാവ് ജെയിംസ് ഒന്നാമനാണ് രാജ്യവും മതവും ഭരിക്കാൻ ദൈവംതന്നെയാണ് തങ്ങളെ ഭരണാധികാരികൾ ആക്കിയിരിക്കുന്നതെന്ന 'ദൈവദത്താവകാശ സിദ്ധാന്തം' അവതരിപ്പിച്ചത്. അതിന്റെ തുടർച്ചയും ആവർത്തനവുമെന്ന പോലയാണ് ചാൾസ് മൂന്നാമന്റെ കിരീടധാരണവും അരങ്ങേറുന്നത്. എന്നാൽ, കഴിഞ്ഞ നാല് നൂറ്റാണ്ടുകൾക്കിടയിൽ ബ്രിട്ടനിൽ ഒരുപാട് മാറ്റമുണ്ടായി. ജനാധിപത്യം പിറവികൊണ്ട നാടായി അത് അറിയപ്പെടാൻ തുടങ്ങി. അതിൽ അഭിമാനിക്കുമ്പോൾത്തന്നെയാണ് ഫ്യൂഡലിസത്തിന്റെ ദുഷിച്ച അവശിഷ്ടമായ രാജവാഴ്ചയുടെ കെട്ടുകാഴ്ചകൾക്ക് ലണ്ടൻ ഇന്ന് സാക്ഷ്യംവഹിക്കുന്നത്. ചാൾസിന്റെ കിരീടധാരണവേളയിൽ പൊതുജനത്തിന് പങ്കെടുക്കാവുന്ന ഒരു ചടങ്ങുണ്ട്. രാജാവിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും കൂറ് പ്രഖ്യാപിക്കുന്നതാണ് ആ പുതിയ ചടങ്ങ്. ഫ്യൂഡൽ അവശിഷ്ടമല്ലാതെ മറ്റൊന്നുമല്ല ഇത്. ജനാധിപത്യത്തിൽ ജനങ്ങളോട് ഭരണാധികാരിയാണ് കൂറ് പ്രഖ്യാപിക്കേണ്ടത് മറിച്ചല്ല എന്ന് ഇനിയാരാണ് ചാൾസിനെ, ബ്രിട്ടനെ ബോധ്യപ്പെടുത്തുക.

എന്തിനായാണ് ഈ കിരീടധാരണമെന്ന ചോദ്യം ഉയർത്തുന്നത് ബ്രിട്ടനിലെ പ്രമുഖ ലിബറൽ മാധ്യമമായ 'ഗാർഡിയനാ'ണ്. കഴിഞ്ഞവർഷം സെപ്തംബർ എട്ടിന് എലിസബത്ത് –2 മരിച്ചപ്പോൾത്തന്നെ ചാൾസ് രാജാവായി അധികാരമേറ്റിരുന്നു. പാർലമെന്റ് പാസാക്കുന്ന എല്ലാ നിയമത്തിലും ഒപ്പുവയ്ക്കാനും തുടങ്ങിയിരുന്നു. പിന്നെ എന്തിനാണ് നികുതിദായകരുടെ കീശയിൽനിന്നും 100 ദശലക്ഷം പൗണ്ട് (ഒരു പൗണ്ട്– 102.97 രൂപ) എടുത്തുകൊണ്ടുള്ള ഈ കിരീടധാരണമെന്ന ചോദ്യമാണ് 'ഗാർഡിയൻ' ഉയർത്തുന്നത്. ഈ കിരീടധാരണംവഴി ബ്രിട്ടിഷ് ഭരണത്തലവനെന്ന നിലയിൽ എന്തെങ്കിലും കുടുതൽ അധികാരങ്ങളോ യോഗ്യതയോ രാജാവിന് ലഭിക്കുന്നുമില്ല. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മഹിമ നിലനിന്ന ഘട്ടത്തിലാണെങ്കിൽ അത് ജനങ്ങളെ ബോധ്യപ്പെടുത്താനെങ്കിലും ഇത്തരമൊരു ആഘോഷംകൊണ്ട് കഴിയുമായിരിക്കാം. എന്നാൽ, സാമ്പത്തിക– സൈനിക മേഖലയിൽ ഏറെ പിന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന ബ്രിട്ടന് അതിനുള്ള ശേഷിയും ഇന്നില്ല. പിന്നെ എന്തിനായിട്ടാണ് കോവിഡാനന്തര സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന ഈ ഘട്ടത്തിൽ പണമൊഴുക്കിയുള്ള ഈ അനാവശ്യ ആർഭാടമെന്ന ചോദ്യമാണ് ബ്രിട്ടനിലെ ഉൽപ്പതിഷ്ണുക്കളായ ജനങ്ങൾ ഉയർത്തുന്നത്. കുതിച്ചുയരുന്ന വിലക്കയറ്റത്തിൽ നിത്യജീവിതം മുന്നോട്ടുകൊണ്ടു പേകാനാകാതെ നഴ്സുമാരും റെയിൽവേ ജീവനക്കാരും അധ്യാപകരും മറ്റും സമരപതാക ഉയർത്താൻ നിർബന്ധിക്കപ്പെട്ട സാഹചര്യത്തിലാണ് പണം വാരിവിതറിയുള്ള കിരീടധാരണമെന്നതും പ്രതിഷേധം ക്ഷണിച്ചുവരുത്തുന്നുണ്ട്.

ബ്രിട്ടീഷ് ജനത എന്തിനുവേണ്ടിയാണ് രാജവാഴ്ചയുടെ ഭാരം ചുമക്കുന്നതെന്ന ചോദ്യമുയർത്തിക്കൊണ്ട് 'ഗാർഡിയൻ' പത്രം 'കോസ്റ്റ് ഓഫ് ദ ക്രൗൺ' എന്നപേരിൽ കഴിഞ്ഞമാസം ഒരുപരമ്പര തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലൂടെ പുറത്തുവരുന്ന വിവരങ്ങൾ ആരുടെയും കണ്ണ് തുറപ്പിക്കുന്നതാണ്. ചാൾസ് രാജാവിന് മാത്രമുള്ള സമ്പാദ്യം 1.8 ബില്യൺ പൗണ്ടാണ്. കോളനികളെ ചൂഷണം ചെയ്തും അടിമവ്യാപാരത്തെ പ്രോത്സാഹിപ്പിച്ചുമാണ് ഈ സമ്പാദ്യമത്രയും വാരിക്കൂട്ടിയത് എന്നാണ് പതിനഞ്ചോളം റിപ്പോർട്ടർമാർ നടത്തിയ അന്വേഷണാത്മക റിപ്പോർട്ടുകളിൽ കാണുന്നത്. അടിമവ്യാപാരത്തിൽ ഏർപ്പെട്ട റോയൽ ആഫ്രിക്കൻ കമ്പനിയിൽ എഡ്വേർഡ് മൂന്നാമന് 1000 പൗണ്ടിന്റെ ഓഹരി ഉണ്ടായിരുന്നെന്ന വാർത്ത ഈ അന്വേഷണത്തിന്റെ ഭാഗമായി പത്രം പുറത്തുവിടുകയുണ്ടായി. കോടിക്കണക്കിന് പൗണ്ടിനുള്ള നൂറിലധികം വിശേഷ ആഭരണങ്ങളും ലോകത്തിന്റെ വിവിധ രാജ്യത്തായി പതിനെട്ടിലധികം സ്വത്തുവകകളും ഷെൽ കമ്പനികളിൽ ഓഹരി നിക്ഷേപവും രാജകുടുംബാംഗങ്ങൾക്കുണ്ട്. ഇതിൽനിന്നെല്ലാമായി വൻ തുക വാർഷിക വരുമാനവും ഇവർക്കുണ്ട്. രാജകുടുംബത്തിന് 1.2 ബില്യൺ പൗണ്ടിന്റെ വാർഷികവരുമാനം ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിനുപുറമെ 86 ദശലക്ഷം പൗണ്ട് എല്ലാ വർഷവും ബ്രിട്ടീഷ് സർക്കാർ ഗ്രാന്റായി രാജകുടുംബത്തിന് നൽകുന്നുമുണ്ട്. ഇതുകൊണ്ട് ബ്രിട്ടന് എന്ത് പ്രയോജനമാണ് ലഭിക്കുന്നത് എന്നാണ് രാജവാഴ്ചയെ ശക്തമായി എതിർക്കുന്ന റിപ്പബ്ലിക്കന്മാരും കമ്യൂണിസ്റ്റുകാരും ഇടതുപക്ഷ പുരോഗമനവാദികളും ചോദിക്കുന്നത്. ജനാധിപത്യ ബ്രിട്ടന് അനുയോജ്യമല്ലാത്ത പഴഞ്ചൻ ഫ്യൂഡൽ വിഴുപ്പുഭാണ്ഡം ഇനിയും തലയിലേറ്റി നടക്കണമോ എന്ന ചിന്ത ബ്രിട്ടീഷ് ജനതയിലും അതിവേഗം പടരുകയണ്. കിരീടധാരണത്തിന്റെ ഭാഗമായി ബക്കിങ്ഹാം കൊട്ടാരത്തിൽനിന്ന് വെസ്റ്റ് മിനിസ്റ്റർ ആബേയിലേക്ക് ചാൾസും ഭാര്യ കാമിലയും ഘോഷയാത്രയായി കടന്നുപോകുമ്പോൾ ചാൾസ് ഒന്നാമൻ രാജാവിന്റെ പ്രതിമയ്ക്ക് മുന്നിൽ ഒത്തുകൂടി 'നോട്ട് മൈ കിങ്' (എന്റെ രാജാവല്ല) എന്ന മുദ്രാവാക്യം ഉയർത്താൻ റിപ്പബ്ലിക്കന്മാർ തീരുമാനിച്ചത് ഇതിന്റെ ഭാഗമാണ്.

ചാൾസിന്റെ കിരീടധാരണവേളയിൽ പൊതുജനത്തിന് പങ്കെടുക്കാവുന്ന ഒരു ചടങ്ങുണ്ട്. രാജാവിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും കൂറ് പ്രഖ്യാപിക്കുന്നതാണ് ആ പുതിയ ചടങ്ങ്. ഫ്യൂഡൽ അവശിഷ്ടമല്ലാതെ മറ്റൊന്നുമല്ല ഇത്. ജനാധിപത്യത്തിൽ ജനങ്ങളോട് ഭരണാധികാരിയാണ് കൂറ് പ്രഖ്യാപിക്കേണ്ടത് മറിച്ചല്ല എന്ന് ഇനി യാരാണ് ചാൾസിനെ, ബ്രിട്ടനെ ബോധ്യപ്പെടുത്തുക